ഉത്തരം

(എ) ഉണ്ട്.

(ബി) 3,01,000 രൂപയുടെ നാശനഷ്ടം പ്രസ്തുത പ്രദേശത്ത് ഉണ്ടായതായി കണക്കാക്കിയിരുന്നു. ഇതിനു നഷ്ടപരിഹാരം നൽകുന്നതിനുള്ള തുകയായ 80,383 രൂപയുൾപ്പെടെ ജില്ലയിൽ വേനൽകാല മഴയിൽ കൃഷിനാശം സംഭവിച്ചതിനു നഷ്ട പരിഹാരം നൽകുന്നതിനായി മൊത്തം 15,12,168 രൂപ അനുവദിക്കാൻ റവന്യൂവകുപ്പിനോട് ആവശ്യപ്പെട്ടിരിക്കയാണ്. റവന്യൂവകുപ്പ് തുക അനുവദിച്ചുതരുന്ന മുറയ്ക്ക് നഷ്ട പരിഹാരം നൽകുന്നതാണ്.

കട്ടക്കുഴി-തേവേരി പാടശേഖരത്തിലെ കൃഷിനാശം

82 [3361] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ വിയപുരം വില്ലേജിലെ കട്ടക്കുഴി-തേവേരി പാടശേഖരത്തിലെ കതിര് വന്ന നെൽകൃഷി വെള്ളംകയറി നശിച്ചതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) കട്ടക്കുഴി പാടശേഖരത്തിന്റെ പുറംബണ്ട് ബലപ്പെടുത്താത്തത് കൃഷിനാശം ഉണ്ടാകുന്നതിന് കാരണമാണോ;

(സി) പുറംബണ്ട് ബലപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഇക്കഴിഞ്ഞ കൃഷിനാശത്തിന് കർഷകർക്ക് ആശ്വാസത്തിനുള്ള എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അതെ.

(സി) ആവശ്യമായ പ്രൊപ്പോസൽ തയ്യാറാക്കി കുട്ടനാട് നെൽകൃഷി വികസന ഏജൻസി വഴി സമർപ്പിക്കാൻ ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ഡി) 1,05,000 രൂപ നഷ്ടപരിഹാരമായി നൽകുവാൻ ജില്ലാ കളക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണ്.

തൃശ്ശൂർ കോൾ മേഖലയിൽ ചാഴൂർ-കുത്താലുക്കൽ ഹൈലെവൽ കനാൽ നിർമ്മിക്കുന്നതിന് നടപടി

83 [3362] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) തൃശ്ശൂർ കോൾ മേഖലയിൽ ചാഴൂർ-കുത്താലുക്കൽ ഹൈലെവൽ കനാൽ നിർമ്മിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഹൈലെവൽ കനാലിന്റെ പ്രയോജനം ഏതൊക്കെ പ്രദേശങ്ങൾക്ക് ലഭിക്കും എന്ന് വ്യക്തമാക്കാമോ;

(സി) ഹൈലെവൽ കനാൽ നിർമ്മിക്കുന്നതിന് സർക്കാർ എന്നാണ് തീരുമാനിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾക്കും സ്ഥലം പൊന്നുംവിലയ്ക്ക് ഏറ്റെടുക്കുന്നതിനും സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എത്ര സംഖ്യ ഇതിനായി അനുവദിച്ചു എന്നും എന്നാണ് അനുവദിച്ചതെന്നും വ്യക്തമാക്കാമോ;

(ഇ) നബാർഡിൽ നിന്ന് ഈ പദ്ധതിക്കായി എത്ര സംഖ്യ ലഭിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അന്തിക്കാട്, മുല്ലശ്ശേരി എന്നീ ബ്ലോക്കുകളിൽപ്പെട്ട അന്തിക്കാട്-മണലൂർതാഴം തെക്കേ കൊഞ്ചിറ, വടക്കേ കൊഞ്ചിറ, ഏലമുത, മണൽപ്പുഴ, കണ്ണോത്ത് എന്നീ പ്രദേശങ്ങൾക്ക് ഹൈലെവൽ കനാലിന്റെ പ്രയോജനം ലഭിക്കും.

(സി) 17-8-2002-ലെ സർക്കാർ ഉത്തരവ് (എംഎസ്.) 531/2002/ഹിൻ നമ്പർ സർക്കാർ ഉത്തരവുപ്രകാരം നബാർഡ് സഹായത്തോടെ പദ്ധതി നടപ്പിലാക്കാൻ അനുമതി നൽകി.

(ഡി) ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കും സ്ഥലം പൊന്നുംവിലയ്ക്ക് ഏറ്റെടുക്കുന്നതിനുമായി സർക്കാർ ഉത്തരവ് (ആർടി.) നമ്പർ 2140/2000/എ.ഡി. തീയതി 18-12-2000 പ്രകാരം 55 ലക്ഷം രൂപ കെ.ഡി.എ.-യ്ക്ക് അനുവദിച്ചിട്ടുണ്ട്.

(ഇ) ഈ പദ്ധതിക്കായി നബാർഡിൽ നിന്നുള്ള സാമ്പത്തിക സഹായം 406.80 ലക്ഷം രൂപയാണ്.

പൊന്നാനി കോൾ വികസന ഏജൻസിയിൽ തൃശ്ശൂർ ജില്ലയിലെ വില്ലേജുകൾ

84 [3363] ശ്രീ. വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി കോൾ വികസന ഏജൻസിയിൽ തൃശ്ശൂർ ജില്ലയിലെ എത്ര വില്ലേജുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly